"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ഫിഷറീസ്-കോവിഡ്-19 പശ്ചാത്തലത്തിൽ ഉൾനാടൻമത്സ്യബന്ധനം/ മത്സ്യകൃഷി നടത്തുന്നത് സംബന്ധിച്ച മാർഗ്ഗരേഖ - പുറപ്പെടുവിച്ച് ഉത്തരവാകുന്നത് - സംബന്ധിച്ച്.

മത്സ്യബന്ധന തുറമുഖ(സി) വകുപ്പ്

സ.ഉ.(സാധാ) നം.219/2020/മ.തു.വ തീയതി,തിരുവനന്തപുരം, 24/04/2020

പരാമർശം:- 1 25/03/2020. ലെ സ.ഉ (ആർ.റ്റി) നമ്പർ 192/2020 മ.തു.വ.

2 30/03/2020 ലെ.സ.ഉ (ആർ.റ്റി) നമ്പർ 201/2020 മ.തു.വ

3 15/04/2020-ലെ 40-3/2020-DM-I (A)നമ്പർ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ ഉത്തരവ്.

4 20.04.2020-ലെ കേന്ദ്ര ഫിഷറീസ് വകുപ്പിന്റെ ഉൾനാടൻ മത്സ്യബന്ധനവും മത്സ്യ കൃഷിയും സംബന്ധിച്ച മോഡൽ എസ്.ഒ.പി

5 23.04.2020ലെ ഫിഷറീസ് ഡയറക്ടറുടെ ജി2/24595/2019 നമ്പർ കത്ത്

<u>ഉത്തരവ്</u>

കോവിഡ് - 19 രോഗബാധയെത്തുടർന്ന് മാർച്ച് 24 മുതൽ 21 ദിവസം ലോക്ക് ഡൗൺ പ്രഖ്യാപിച്ചതിന് ശേഷം മത്സ്യബന്ധനവും മത്സ്യവിപണനവും നിയന്ത്രിതമായ രീതിയിലാണ് സംസ്ഥാനത്ത് നടന്നുവരുന്നത് പരാമർശം (1)പ്രകാരം മത്സ്യ/ ചെമ്മീൻ ഉല്പാദനം, മത്സ്യകൃഷി, മത്സ്യത്തീറ്റ, മത്സ്യത്തീറ്റയിലെ ഘടകങ്ങൾ, മത്സ്യക്കുഞ്ഞുങ്ങളുടെ വിതരണവും ഗതാഗതവും, മത്സ്യവിത്തുല്പാദനം, ഹാച്ചറി പ്രവർത്തനങ്ങൾ, ശീതീകരണ ശാലകൾ, പ്രോസസ്സിംഗ് പ്ലാന്റുകൾ എന്നിവയുടെ പ്രവർത്തനത്തെ ലോക്ക് ഡൗൺ നിയന്ത്രണത്തിൽ നിന്ന് ഒഴിവാക്കിയിരുന്നു.

2. പരാമർശം(2) പ്രകാരം പരമ്പരാഗത യാനങ്ങൾക്ക് മത്സ്യബന്ധനത്തിന് പോകുവാൻ അനുമതി നൽകിയിട്ടുണ്ട്. ഇവർ പിടിച്ചു കൊണ്ടുവരുന്ന മത്സ്യം ലേലം പൂർണ്ണമായും ഒഴിവാക്കി സാമൂഹിക അകലം പാലിച്ച് വിപണനം ചെയ്യുന്നതിനാണ് നിഷ്കർഷിച്ചിട്ടുള്ളത്. ലോക്ക് ഡൗൺ ഏപ്രിൽ 14 മുതൽ മെയ് 3-ാം തീയതി വരെ നീട്ടിയതിന്റെ പശ്ചാത്തലത്തിൽ പരാമർശം(3) പ്രകാരം മത്സ്യബന്ധനവും വിപണനവും ഹാച്ചറികളുടെ പ്രവർത്തനവും ഇതുമായി ബന്ധപ്പെട്ട ഗതാഗതം എന്നിവയെ നിയന്ത്രണത്തിൽ നിന്ന് ഒഴിവാക്കി കേന്ദ്രസർക്കാർ, ആഭ്യന്തര മന്ത്രാലയം ഉത്തരവായിട്ടുണ്ട്. പരാമർശം(4)പ്രകാരം ലോക്ക് ഡൗൺ സമയത്ത് മത്സ്യബന്ധന മേഖലയിൽ പാലിക്കേണ്ട ഇളവുകളും നിയന്ത്രണങ്ങളും സംബന്ധിച്ച വിശദമായ SOP തയ്യാറാക്കി സംസ്ഥാനങ്ങൾക്ക് നൽകുകയും സംസ്ഥാനങ്ങളുടെ സാഹചര്യങ്ങൾക്കനുസരിച്ച് ആയതിൽ ഉചിതമായ മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തി നടപ്പിൽ വരുത്തുന്നതിനുള്ള അനുമതിയും കേന്ദ്ര സർക്കാർ നൽകിയിട്ടുണ്ട്.

3. മേൽ സാഹചര്യത്തിൽ ഉൾനാടൻ മത്സ്യബന്ധനവും മത്സ്യ കൃഷി മേഖലയിൽ ലോക്ക് ഡൗൺ സമയത്ത് പാലിക്കേണ്ട ഇളവുകളും നിബന്ധനകളും സംബന്ധിച്ച് ഫിഷറീസ് ഡയറക്ടർ പരാമർശം(5) പ്രകാരം വിശദമായ മാർഗ്ഗ രേഖ ലഭ്യമാക്കിയിരുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഉൾനാടൻ മത്സ്യബന്ധനവും മത്സ്യ കൃഷി മേഖലയിൽ ലോക്ക് ഡൗൺ സമയത്ത് പാലിക്കേണ്ട ഇളവുകളും നിബന്ധനകളും സംബന്ധിച്ച് വിശദമായ മാർഗ്ഗ രേഖ ചുവടെചേർക്കും പ്രകാരം പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

A. മത്സ്യോല്പാദന യൂണിറ്റുകൾ/മത്സ്യ/ചെമ്മീൻ ഫാമുകളിൽ പാലിക്കേണ്ട നിബന്ധനകൾ സംബന്ധിച്ച മാർഗ്ഗരേഖ

1. സംസ്ഥാനത്തെ രജിസ്റ്റർ ചെയ്യപ്പെട്ടതും ലൈസൻസ് നൽകപ്പെട്ടതുമായ മത്സ്യ/ ചെമ്മീൻ ഫാമുകൾ, കേന്ദ്ര ആഭ്യന്തര മന്ത്രാലയം പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങളും സംസ്ഥാന സർക്കാരിന്റെ മാർഗ്ഗ നിർദ്ദേശങ്ങളും പാലിച്ചുകൊണ്ട് മാത്രമേ കൃഷിയിലൂടെയുള്ള മത്സ്യോല്പാദനവുമായി ബന്ധപ്പെട്ട മുന്നൊരുക്ക പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള കുളമൊരുക്കൽ, വിത്ത് സംഭരണം, തീറ്റ നൽകൽ, ജലപരിപാലനം, കുളപരിപാലനം, സാംപ്ലിംങ്, വിളവെടുപ്പ് മുതലായവ നടത്താൻ പാടുള്ളൂ.

2. Covid 19-ന്റെപശ്ചാത്തലത്തിൽ മത്സ്യകൃഷി ഫാമുകളുടെ പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിനും ഏകോപനത്തിനുമായി ജില്ലകളിൽ നിലവിലുള്ള മത്സ്യ കർഷക വികസന ഏജൻസി ഈ മാനദണ്ഡമനുസരിച്ച് പ്രവർത്തിക്കേണ്ടതും ആവശ്യമെങ്കിൽ കൂടുതൽ മത്സ്യ കർഷക പ്രതിനിധികളെ ഉൾപ്പെടുത്താവുന്നതുമാണ്.

3. മത്സ്യകൃഷി പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും പ്രാദേശിക തലത്തിൽ ഉരുത്തിരിയുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും നിലവിൽ 48 യൂണിറ്റ് ലെവൽ ഓഫീസുകൾ സംസ്ഥാനത്ത് രൂപീകരിച്ചിട്ടുണ്ട്. ബന്ധപ്പെട്ട അധികാരപരിധിയിലെ യൂണിറ്റ് ലെവൽ ഓഫീസ് നിരീക്ഷണ ബൂത്തായി പ്രവർത്തിക്കേണ്ടതാണ്. യൂണിറ്റ് ലെവൽ ഓഫീസർ നോഡൽ ഓഫീസറായി പ്രവർത്തിക്കേണ്ടതാണ്.

4. യൂണിറ്റ് ലെവൽ ഓഫീസ് മുഴുവൻ സമയവും (24/7) സജ്ജീവമായിരിക്കേണ്ടതും ടി യൂണിറ്റ് ലെവൽ ഓഫീസറുടെ ബന്ധപ്പെടേണ്ട ഫോൺ നമ്പറുകൾ യൂണിറ്റ് ലെവൽ ഓഫീസിൽ പ്രദർശിപ്പിക്കേണ്ടതും കർഷകർക്ക് ലഭ്യമാക്കേണ്ടതുമാണ്.

5. ജില്ലാ ഭരണകൂടവും ബന്ധപ്പെട്ട ജില്ലാ ഫിഷറീസ് ഓഫീസറും പ്രാദേശിക മത്സ്യ/ ചെമ്മീൻ കർഷക കൂട്ടായ്മ/ സംഘടനകളുമായി കൂടിയാലോചിച്ച് സാമൂഹിക അകലം പാലിച്ചുകൊണ്ട് മത്സ്യകൃഷി പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. ഏതെങ്കിലും മത്സ്യകർഷകനോ, ഫാം തൊഴിലാളികൾക്കോ ചുമ, തലവേദന, ശരീര വേദന, പനി, ശ്വാസതടസ്സം, മൂക്കടപ്പ്, ജലദോഷം, തൊണ്ട വേദന തുടങ്ങിയ രോഗലക്ഷണങ്ങൾ ഉണ്ടെങ്കിൽ ആ വിവരം എത്രയും വേഗം ബന്ധപ്പെട്ട യൂണിറ്റ് ലെവൽ ഓഫീസറെ തുടർനടപടികൾക്കായി അറിയിക്കേണ്ടതാണ്.

6. എല്ലാ ഫാം തൊഴിലാളികൾക്കും കോവിഡ്-19 പ്രതിരോധത്തിന് ആവശ്യമായ സോപ്പ് സാനിറ്റൈസർ ഉൾപ്പെടെയുള്ള സുരക്ഷാക്രമീകരണങ്ങൾ ഫാം ഉടമകൾ ഉറപ്പുവരുത്തേണ്ടതാണ്. മത്സ്യകൃഷി ഫാമുകളിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾ ഫാമിൽ പ്രവേശിക്കുന്നതിന് മുമ്പ് ശുചിത്വ മാനദണ്ഡങ്ങൾ പാലിക്കേണ്ടതും കഴിയുമെങ്കിൽ യാത്രയ്ക്കുപയോഗിച്ച വസ്ത്രങ്ങൾ മാറ്റി അണുവിമുക്തമാക്കിയ വസ്ത്രങ്ങൾ ധരിച്ചുകൊണ്ട് ഫാം പ്രവർത്തനങ്ങളിൽ ഏർപ്പെടേണ്ടതാണ്.

7. കുളമൊരുക്കൽ, തീറ്റ നൽകൽ, മത്സ്യ/ ചെമ്മീൻ സാംപ്ലിംങ്, മത്സ്യ/ ചെമ്മീൻ വിളവെടുപ്പ് എന്നീ പ്രവർത്തനങ്ങൾ സാമൂഹിക അകലം പാലിച്ചുകൊണ്ടും കൃത്യമായ ശുചിത്വം പാലിച്ചുകൊണ്ടും നടത്തേണ്ടതാണ്. കുളം/ ഫാം എന്നിവിടങ്ങളിൽ അണുനശീകരണവും പരിസര ശുചീകരണവും നടപ്പിലാക്കേണ്ടതും സ്ഥിതിഗതികൾ സാധാരണ നിലയിൽ ആകുന്നതുവരെ മേൽ പ്രവർത്തനങ്ങൾ സ്ഥിരമായി തുടരേണ്ടതുമാണ്. യാതൊരു കാരണവശാലും സന്ദർശകരെ ഈ കാലഘട്ടത്തിൽ ഫാമിനുള്ളിൽ പ്രവേശിപ്പിക്കുവാൻ പാടുള്ളതല്ല.

8. ഫാമുടമകൾ, ഫാം തൊഴിലാളികൾ എന്നിവർക്ക് അവരുടെ താമസ സ്ഥലത്ത് നിന്ന് ഫാമിലേക്ക് യാത്ര അസൗകര്യം ഒഴിവാക്കുന്നതിനുവേണ്ടി ബന്ധപ്പെട്ട ജില്ലാ ഭരണകൂടം പാസ്സ്/ പെർമിറ്റ് സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

9. കോവിഡ് 19 പശ്ചാത്തലത്തിൽ മത്സ്യകൃഷി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ജനകീയ മത്സ്യകൃഷി സെൽ 'സ്റ്റേറ്റ് ലെവൽ ഫെസിലിറ്റേഷൻ സെൻററായി' പ്രവർത്തിക്കുന്നതാണ്.

10. യൂണിറ്റ് ലെവൽ ഓഫീസ് മത്സ്യകൃഷി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട സാധന സാമഗ്രികൾ, രാസവളം തുടങ്ങിയവ കർഷകർക്ക് ബുദ്ധിമുട്ടുകൾ ഇല്ലാതെ ലഭ്യമാകുന്നതിനായി ഇവ നിറച്ച വാഹനങ്ങളുടെ സഞ്ചാരം

സുഗമമാക്കേണ്ടതാണ്.

11. ഓരോ ജില്ലയിലെയും യൂണിറ്റ് ലെവൽ ഓഫീസർ ജില്ലാ ആരോഗ്യവകുപ്പുമായി ചേർന്ന് മത്സ്യകർഷകർ, ഫാം തൊഴിലാളികൾ എന്നിവർക്ക് ആവശ്യമായ വൈദ്യ പരിശോധന നടത്തുന്നതിനാവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതാണ്. മെഡിക്കൽ പരിശോധന സംഘം, കോവിഡ്-19-മായി ബന്ധപ്പെട്ട രോഗലക്ഷണങ്ങളെക്കുറിച്ചും സാമൂഹിക അകലം പാലിക്കുന്നതിന്റെ ആവശ്യകത സംബന്ധിച്ചും അതുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട നടപടികളെക്കുറിച്ചും മത്സ്യകർഷകർക്കും ഫാം തൊഴിലാളികൾക്കും ആവശ്യമായ ബോധവൽക്കരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

12. തൊഴിലാളികൾ ജോലി ചെയ്യുന്ന ഫാമുകളുടെ ഉടമകൾ, ഫാമിലെ മുഴുവൻ തൊഴിലാളികളുടെയും വിവരങ്ങൾ തയ്യാറാക്കി യൂണിറ്റ് ലെവൽ ഓഫീസർക്ക് നൽകേണ്ടതും ആയത് രജിസ്റ്ററിൽ സൂക്ഷിക്കേണ്ടതുമാണ്.

13. ജില്ലാ ഭരണകൂടം മത്സ്യകർഷക സംഘടനകൾ/ മത്സ്യകർഷക വികസന ഏജൻസികളുമായി കൂടിയാലോചിച്ച് മത്സ്യകൃഷിക്കാവശ്യമായ മത്സ്യ/ ചെമ്മീൻ വിത്ത്, തീറ്റ, ഡീസൽ, ഐസ് തുടങ്ങിയവ വിതരണം ചെയ്യുന്നതിനും ഫാമുകളിൽ നിന്നും മത്സ്യം ശേഖരിക്കുന്നതിനും മാത്രമായി പ്രത്യേകം വാഹനം ഏർപ്പെടുത്തേണ്ടതാണ്. കൃഷിയിടവും ഫാമിൽ ഉപയോഗിക്കുന്നതുമായ വലകളും മറ്റു സാധന സാമഗ്രികളും ഓരോ ഉപയോഗത്തിനുമുമ്പും അണുവിമുക്തമാക്കേണ്ടതാണ്.

14. കോവിഡ് 19 ന്റെ വ്യാപനം തടയുന്നതിനായി ഫാമിലേക്കാവശ്യമായ വിത്ത്, തീറ്റ മറ്റ് അവശ്യ വസ്തുക്കൾ എന്നിവ പ്രാദേശികമായി തന്നെ വാങ്ങേണ്ടതും ഇതിനായുള്ള യാത്രകൾ പരമാവധി ജില്ലക്കുള്ളിൽ തന്നെ പരിമിതപ്പെടുത്തേണ്ടതുമാണ്.

15. മത്സ്യകർഷകർ/ ഫാം തൊഴിലാളികൾ അവരുടെ കുടുംബാംഗങ്ങളുടെയും ബന്ധുക്കളുടെയും വിവരങ്ങൾ നൽകേണ്ടതും 'ആരോഗ്യ സേതു മൊബൈൽ ആപ്പ്' ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കാവുന്നതുമാണ്.

16. മത്സ്യകർഷകർ/ ഫാം തൊഴിലാളികൾ എന്നിവർ തെർമൽ സ്കാനിംഗിന് വിധേയരാകേണ്ടതാണ്. തെർമ്മൽ സ്കാനിംഗിനും കൈകൾ അണുവിമുക്തമാക്കിയതിനും ശേഷം മാത്രമേ ഫാമിലേക്കുള്ള പ്രവേശനം അനുവദിക്കാൻ പാടുള്ളൂ.

17. അടുത്ത് സ്ഥിതി ചെയ്യുന്ന ഫാമുകളിലെ ഫാം തൊഴിലാളികളുമായി നേരിട്ടുള്ള യാതൊരുവിധസമ്പർക്കത്തിൽ ഏർപ്പെടുകയോ സാധനങ്ങൾ കൈമാറുകയോ ചെയ്യരുത്. ഇതുമായി ബന്ധപ്പെട്ട നിർദ്ദേശം എല്ലാ കർഷകരും പാലിക്കേണ്ടതാണ്.

18. രോഗപകർച്ച തടയുന്നതിനായി crab/dog fencing, bird fencing, tyre വൃത്തിയാക്കൽ/ വാഹനം കഴുകൽ, കൈ/ കാൽ അണുവിമുക്തമാക്കൽ സംവിധാനം എന്നീ ജൈവ സുരക്ഷാ മാർഗ്ഗങ്ങൾ അവലംബിക്കേണ്ടതാണ്.

19. മത്സ്യ കൃഷി വഴി ഉൽപാദിപ്പിച്ച മത്സ്യം കൊണ്ടു പോകുന്നതിനുപയോഗിക്കുന്ന വാഹനത്തിന്റെ വിവരങ്ങൾ കൃത്യമായി Farm Movement രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും ആയതിന്റെ വിശദാംശങ്ങൾ നിത്യേന യൂണിറ്റ് ലെവൽ ഓഫീസർക്ക് കൈമാറേണ്ടതുമാണ്.

20. ഉപയോഗത്തിന് ശേഷം വലകൾ, check trays, bucket കൾ തീറ്റ നൽകാനുപയോഗിക്കുന്ന ബക്കറ്റുകൾ, കോരുവല,water sampling bottles എന്നീ സാധന സാമഗ്രികൾ അണുവിമുക്തമാക്കി സൂര്യപ്രകാശത്തിൽ ഉണക്കേണ്ടതാണ്.

21. ഫാമിന്റെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ തീറ്റ, മറ്റ് അവശ്യ സാധനങ്ങൾ വിൽക്കുന്ന വ്യാപാര സ്ഥാപനങ്ങൾ, ഗോഡൗണുകൾ എന്നിവ തുറന്ന് പ്രവർത്തിക്കുന്നുണ്ടെന്നും ഇതുമൂലം കർഷകർക്ക് യാതൊരു തരത്തിലുള്ള ബുദ്ധിമുട്ട് ഉണ്ടാകുന്നില്ല എന്നും യൂണിറ്റ് ലെവൽ ഓഫീസർ ഉറപ്പുവരുത്തേണ്ടതാണ്.

**B. മത്സ്യ വിത്ത് ഫാമുകൾ, മത്സ്യ/ചെമ്മീൻ ഹാച്ചറികളിൽ പാലിക്കേണ്ട നിബന്ധനകൾ സംബന്ധിച്ച മാർഗ്ഗ രേഖ**

1. സംസ്ഥാനത്തെ രജിസ്റ്റർ ചെയ്തിട്ടുള്ളതും/ ലൈസൻസ് ഉള്ളതുമായ മത്സ്യ/ ചെമ്മീൻ ഹാച്ചറികളിൽ വിത്തുൽപ്പാദന പ്രവർത്തനങ്ങൾ, വിളവെടുപ്പ് പാക്കിംഗ്, വിൽപ്പന എന്നിവ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ മാനദണ്ഡങ്ങൾക്കും സംസ്ഥാന സർക്കാരിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾക്കും അനുസൃതമായി നടപ്പിലാക്കേണ്ടതാണ്.

2. കോവിഡ് 19 ന്റെ കാലയളവിൽ മത്സ്യ വിത്തുൽപ്പാദന കേന്ദ്രത്തിന്റെ പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിനും ഏകോപനത്തിനുമായി ജില്ലകളിൽ നിലവിലുള്ള മത്സ്യ കർഷക വികസന ഏജൻസി ഈ മാനദണ്ഡമനുസരിച്ച് പ്രവർത്തിക്കാവുന്നതും ആവശ്യമെങ്കിൽ ഹാച്ചറി പ്രതിനിധികളെയും ഉൾപ്പെടുത്താവുന്നതുമാണ്.

3. ഫിഷറീസ് വകുപ്പും ജില്ലാ ഭരണകൂടവും പ്രാദേശിക മത്സ്യ/ ചെമ്മീൻ ഹാച്ചറി ഓപ്പറേറ്റേഴ്സ് അസോസിയേഷനുമായി

കൂടിയാലോചിച്ച് വിത്തുൽപ്പാദന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾ ആവശ്യമായ സാമൂഹിക അകലം പാലിച്ചു കൊണ്ട് ആസൂത്രണം ചെയ്യേണ്ടതും നടപ്പിലാക്കേണ്ടതുമാണ്.

4. എല്ലാ ഹാച്ചറി തൊഴിലാളികൾക്കും കോവിഡ്-19 പ്രതിരോധത്തിന് ആവശ്യമായ സോപ്പ്, സാനിറ്റൈസർ ഉൾപ്പെടെയുള്ള സുരക്ഷാക്രമീകരണങ്ങൾ ഹാച്ചറി ഉടമകൾ ഉറപ്പുവരുത്തേണ്ടതാണ്. മത്സ്യകൃഷി ഹാച്ചറികളിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾ ഹാച്ചറി/ സീഡ് ഫാം -ൽ പ്രവേശിക്കുന്നതിന് മുമ്പ് ശുചിത്വ മാനദണ്ഡങ്ങൾ പാലിക്കേണ്ടതും കഴിയുമെങ്കിൽ യാത്രയ്ക്കുപയോഗിച്ച വസ്ത്രങ്ങൾ മാറ്റി അണുവിമുക്തമാക്കിയ വസ്ത്രങ്ങൾ ധരിച്ചുകൊണ്ട് ഫാം പ്രവർത്തനങ്ങളിൽ ഏർപ്പെടേണ്ടതാണ്. നിലവിലെ സ്ഥിതി ഗതികൾ മെച്ചപ്പെടുന്നതുവരെ ഹാച്ചറികളിലെ വിവിധ വിഭാഗങ്ങളിലെ തൊഴിലാളികളെ അതാത് വിഭാഗങ്ങളിൽ തന്നെ കഴിയുന്നതും നിലനിർത്തേണ്ടതാണ്.

5. ഓരോ വിത്തുൽപ്പാദന പ്രവർത്തന ചക്രത്തിന്റെയും (cycle of operation) മുൻപും അതിനു ശേഷവും ഹാച്ചറികളിൽ അണുനശീകരണവും ശുചീകരണവും കൃത്യമായി നടത്തേണ്ടതാണ്. നിലവിലുള്ള കോസ്റ്റൽ അക്വാകൾച്ചർ അതോറിറ്റി മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചു കൊണ്ടു മാത്രമേ ബന്ധപ്പെട്ട മേഖലകളിൽ SPF Brood Stockന്റെ കടത്ത്, നടത്താൻ പാടുള്ളൂ. ഒരിക്കൽ ഹാച്ചറിയിൽ നിന്നും വിപണനം നടത്തിയ വിത്തുകൾ യാതൊരു കാരണവശാലും തിരികെ ഹാച്ചറികളിൽ പ്രവേശിപ്പിക്കാൻ പാടില്ലാത്തതാണ്. ഓരോ ഉപയോഗത്തിനു മുൻപും ഹാച്ചറിയും അതുമായി ബന്ധപ്പെട്ട ബക്കറ്റുകൾ, കുട്ടകൾ, വലകൾ മറ്റ് ഉപകരണങ്ങൾ തുടങ്ങിയവ നിർബന്ധമായും അണുവിമുക്തമാക്കേണ്ടതാണ്. സ്ഥിതിഗതികൾ സാധാരണ നിലയിലാകുന്നതുവരെ യാതൊരു കാരണവശാലും സന്ദർശകരെ ഹാച്ചറികളിൽ പ്രവേശിപ്പിക്കാൻ പാടുള്ളതല്ല.

6. ഹാച്ചറികളുടെ പ്രവർത്തനത്തിനാവശ്യമായ വിത്ത്, തീറ്റ, മറ്റ് ഹാച്ചറി അനുബന്ധ സാമഗ്രികൾ പ്രാദേശികമായി തന്നെ കഴിയുന്നതും വാങ്ങേണ്ടതും ഹാച്ചറി തൊഴിലാളികളുടെ സഞ്ചാരം ജില്ലകളിൽ തന്നെ പരമിതപ്പെടുത്തേണ്ടതുമാണ്. എല്ലാ ഹാച്ചറി തൊഴിലാളികളും ഹാച്ചറി കവാടത്തിലോ നിരീക്ഷണ ബൂത്തുകളിലോ തെർമൽ സ്കാനിംഗിന് വിധേയരാകേണ്ടതാണ്. ഇതിനു ശേഷം മാത്രമേ തൊഴിലാളികളെ ഹാച്ചറികളിലേക്ക് അനുവദിക്കാൻ പാടുള്ളൂ.

7. ആരോഗ്യ വകുപ്പിന്റെ അനുമതിക്ക് വിധേയമായി ഹാച്ചറിയിൽ നിന്ന് എത്തിച്ചേരേണ്ട സ്ഥലത്തേക്കുള്ള മത്സ്യ വിത്ത് കടത്തുന്ന വാഹനങ്ങൾക്ക് അനുവാദം നൽകുന്നതാണ്. മത്സ്യ വിത്ത് കടത്തുന്ന വാഹനങ്ങൾ ഒരു കാരണവശാലും മാർഗ്ഗ മദ്ധ്യേ തടഞ്ഞു വെയ്ക്കുന്നില്ല എന്ന് ജില്ലാ ഭരണകൂടം ഉറപ്പുവരുത്തേണ്ടതാണ്. മത്സ്യവിത്തിന്റെ കടത്ത് അതിനുപയോഗിക്കുന്ന വാഹനം, ജീവനക്കാർ ഇവയുടെ വിശദാംശങ്ങൾ കൃത്യമായി സൂക്ഷിക്കേണ്ടതാണ്.

8. ഹാച്ചറിയിലെ ഓരോ cycle of operation നു ശേഷവും ഹാച്ചറി കോംപ്ലക്സും പരിസരവും ഉപകരണങ്ങളും അണുവിമുക്തമാക്കി ഉണക്കേണ്ടതാണ്.

**C. കായലുകൾ, അഴിമുഖങ്ങൾ, തണ്ണീർ തടങ്ങൾ, നദികൾ Creeks , തടാകങ്ങൾ ഉൾപ്പെടെയുള്ള ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യ ബന്ധനത്തിനുള്ള മാർഗ്ഗരേഖ**

1. റിസർവോയർ Flood Plain, തണ്ണീർത്തടങ്ങൾ, തടാകങ്ങൾ, ലഗൂൺസ്, കായലുകൾ തുടങ്ങിയ വലിയ ജലാശയങ്ങൾ, പുഴകൾ Creeks Estuaries എന്നിവിടങ്ങളിൽ നിന്നും ചെറിയ തോണികൾ, കുട്ട വഞ്ചികൾ എന്നീ മത്സ്യ ബന്ധന യാനങ്ങളിൽ പരമാവധി കുറച്ച് മത്സ്യത്തൊഴിലാളികളെ ഉൾപ്പെടുത്തി വീശുവലകൾ, ഗിൽ നെറ്റ്, ഊന്നിവലകൾ, shoot net, ചൂണ്ട എന്നിവ മാത്രം ഉപയോഗിച്ച് മത്സ്യബന്ധനം നടത്താവുന്നതാണ്.

2. നിലവിലെ സ്ഥിതിഗതികൾ സാധാരണ നിലയിൽ ആകുന്നത് വരെ കമ്മ്യൂണിറ്റി ഫിഷിംഗ് നിർത്തിവെയ്ക്കേണ്ടതും പരമ്പരാഗത ചെറുകിട മത്സ്യത്തൊഴിലാളികളെ മാത്രമേ മത്സ്യബന്ധനത്തിന് അനുവദിക്കാവൂ. മത്സ്യബന്ധനത്തിനുള്ള അനുവാദം നൽകിയിട്ടുള്ള യാനങ്ങളും മത്സ്യത്തൊഴിലാളികളും അവർക്ക് അനുവദിച്ചിട്ടുള്ള മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രത്തിൽ മാത്രമേ തിരിച്ചെത്തുവാൻ പാടുള്ളൂ. കായലുകളുടെയും റിസർവോയറുകളിലെയും മറ്റ് കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങളിലും അവരുടെ മത്സ്യം എത്തിക്കാൻ അനുവദിക്കുന്നതല്ല.

3. മത്സ്യ ബന്ധന സമയത്ത് മത്സ്യ ബന്ധനയാനങ്ങൾ തമ്മിൽ സമ്പർക്കത്തിൽ ഏർപ്പെടുകയോ സാധനങ്ങൾ കൈമാറുകയോ ചെയ്യരുത്. എല്ലാ ഉടമകളും/ മത്സ്യത്തൊഴിലാളികളും കേന്ദ്ര സർക്കാരിന്റെ ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് സാമൂഹിക അകലവും, യാനങ്ങൾ തമ്മിലുള്ള അകലവും കൃത്യമായി പാലിക്കേണ്ടതാണ്.

4. വലിയ ജലാശയങ്ങളിൽ മത്സ്യബന്ധന വേളയിൽ ഏതെങ്കിലും മത്സ്യത്തൊഴിലാളികൾക്ക് തലവേദന, പനി, ശരീര വേദന, ശ്വാസതടസ്സം, മൂക്കടപ്പ്, ജലദോഷം, തൊണ്ടവേദന തുടങ്ങിയ രോഗ ലക്ഷണങ്ങൾ ഉണ്ടെങ്കിൽ മത്സ്യ ബന്ധനം അവസാനിപ്പിച്ച് നിശ്ചിത കരയ്ക്കടുപ്പിക്കൽ കേന്ദ്രത്തിൽ എത്തേണ്ടതാണ്. ടി മത്സ്യത്തൊഴിലാളികൾ പിടിച്ചു കൊണ്ടുവരുന്ന മത്സ്യത്തിൽ സ്പർശിക്കുകയോ കഴിക്കുകയോ ചെയ്യാൻ പാടില്ല. ഇത്തരത്തിലുള്ള മത്സ്യം ആരോഗ്യ

വകുപ്പിന്റെ നിർദ്ദേശം അനുസരിച്ച് നശിപ്പിക്കേണ്ടതും, യാതൊരു കാരണവശാലും ഒരു യാനത്തിൽ നിന്നും മറ്റൊന്നിലേക്ക് മാറ്റുവാൻ പാടുള്ളതുമല്ല.

5. മത്സ്യ ബന്ധന വേളയിൽ യാനങ്ങളിൽ മത്സ്യത്തൊഴിലാളികൾ ശാരീരിക അകലം പാലിക്കേണ്ടതും, ഇത്തരത്തിൽ രോഗ ലക്ഷണങ്ങൾ കാണിക്കുന്ന വ്യക്തിയുമായുള്ള സമ്പർക്കം ഒഴിവാക്കേണ്ടതും ശുചിത്വ മുൻകരുതലുകൾ എടുക്കേണ്ടതുമാണ്. രോഗലക്ഷണങ്ങൾ കാണിക്കുന്ന വ്യക്തിയുമായി യാതൊരു വിധ സമ്പർക്കത്തിലും ഏർപ്പെടുവാൻ പാടുള്ളതല്ല.

6. ഇത്തരം ജലാശയങ്ങളിൽ ഉപയോഗിക്കുന്ന ചെറുയാനങ്ങൾ/ കുട്ടവഞ്ചി/ മരത്തടികൾ, വലകൾ എന്നിവ ഓരോ ഉപയോഗത്തിനു മുമ്പായും അണുവിമുക്തമാക്കേണ്ടതാണ്.

7. നിലവിലെ പ്രതികൂല സാഹചര്യങ്ങളിൽ ജോലി ചെയ്യേണ്ടി വരുന്നതുകൊണ്ട് ദിവസേന മത്സ്യത്തൊഴിലാളികളെ പരിശോധനയ്ക്ക് വിധേയരാക്കേണ്ടതാണ്. കരയ്ക്കടുപ്പിക്കൽ കേന്ദ്രത്തിലും, യാനങ്ങളിലും മത്സ്യത്തിൻറെ കൈകാര്യം പരമാവധി കുറയ്ക്കേണ്ടതാണ്.

8. അന്യ സംസ്ഥാനക്കാർ മാത്രമായി ഉൾനാടൻ ജലാശയങ്ങളിൽ നടത്തപ്പെടുന്ന മത്സ്യബന്ധനം പാടില്ലാത്തതാണ്.

**D. മത്സ്യ/ചെമ്മീൻ മാർക്കറ്റുകളിൽ (മൊത്ത/ചില്ലറ വ്യാപാരം) പാലിക്കേണ്ട നിബന്ധനകൾ സംബന്ധിച്ച മാർഗ്ഗരേഖ**

1. മത്സ്യ/ ചെമ്മീൻ മാർക്കറ്റുകളിലും കോൾഡ് സ്റ്റോറേജുകളിലും സാമൂഹിക അകലം പാലിക്കേണ്ടതാണ്. മത്സ്യ ചെമ്മീൻ സംഭരണ കേന്ദ്രങ്ങൾ/ മാർക്കറ്റുകൾ എന്നിവിടങ്ങളിലെ ഡീലർമാർ, തൊഴിലാളികൾ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ കാര്യ മന്ത്രാലയം പുറപ്പെടുവിച്ചിട്ടുള്ള രോഗ പ്രതിരോധ സാമൂഹിക അകല മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

2. ആരോഗ്യ വിഭാഗം അധികൃതർ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം ഹോൾസെയിൽ/ റീട്ടെയിൽ തുടങ്ങിയ എല്ലാ മത്സ്യ-ചെമ്മീൻ സംഭരണ കേന്ദ്രങ്ങളും മാർക്കറ്റുകളും ദൈനംദിനം അണുവിമുക്തമാക്കേണ്ടതുമാണ്.

3. പിടിച്ചെടുക്കുന്ന മത്സ്യം/ ചെമ്മീൻ എന്നിവ അണുവിമുക്ത വാഹനങ്ങളിൽ അടുത്തുള്ള മാർക്കറ്റ്, സ്റ്റാളുകൾ, കടകൾ തുടങ്ങിയ സ്ഥലങ്ങളിലേക്ക് എത്തിക്കേണ്ടതും ഇതിനായി വാഹനങ്ങൾക്കുള്ള പാസ്/ അനുമതി ജില്ലാ ഭരണകൂടം നൽകേണ്ടതുമാണ്.

4. മത്സ്യ/ ചെമ്മീൻ വിൽപ്പന നടത്തുന്നതിനായി പ്രത്യേക സ്ഥലങ്ങൾ ബന്ധപ്പെട്ട ജില്ലാ ഭരണകൂടവും ജില്ലാ ഫിഷറീസ് ആഫീസും മറ്റു കക്ഷികളുമായി കൂടിയാലോചിച്ച് ഏർപ്പെടുത്തേണ്ടതും ഇത്തരം സ്ഥലങ്ങളിൽ നിശ്ചിത അകലത്തിൽ വൃത്തം/ വര എന്നിവ വരച്ച് വില്പനക്കാരും വാങ്ങുന്നവരും സാമൂഹിക അകലം പാലിക്കേണ്ടതുമാണ്. ഇത്തരത്തിൽ മത്സ്യം/ ചെമ്മീൻ കച്ചവടക്കാർ തൂക്കി വിൽപന നടത്തി ആവശ്യക്കാർക്ക് നൽകാവുന്നതാണ്. ആൾക്കൂട്ടം ഒഴിവാക്കുന്നതിനായി മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങളിലും മത്സ്യകൃഷി ഫാമുകളിലും മത്സ്യങ്ങളുടെ ചില്ലറ വിൽപന അനുവദിക്കുന്നതല്ല.

5. ജില്ലാ ഭരണകൂടം ജില്ലാ ഫിഷറീസ് ഓഫീസർ, മത്സ്യത്തൊഴിലാളി സഹകരണ സംഘം/ അസോസിയേഷൻ/ മൊത്ത കച്ചവടക്കാർ എന്നിവരുമായി കൂടിയാലോചിച്ച് സാമൂഹിക അകലം പാലിച്ച് കൊണ്ട് ശുചിത്വം ഉറപ്പ് വരുത്തി പ്രാദേശിക ഉപഭോഗത്തിനായുള്ള മത്സ്യ വിൽപന നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ നടത്താവുന്നതാണ്. വീടുകളിൽ മത്സ്യം വിൽപന നടത്തുമ്പോൾ സാമൂഹിക അകലം പാലിക്കുന്നതിനുള്ള അനുയോജ്യ നടപടി സ്വീകരിക്കേണ്ടതാണ്.

6. മത്സ്യം/ ചെമ്മീൻ കൈകാര്യം ചെയ്യുന്നതിന് ഏറ്റവും കുറഞ്ഞ എണ്ണം തൊഴിലാളികളെ മാത്രം ഉപയോഗിക്കേണ്ടതും മത്സ്യം പിടിക്കൽ, വിപണനം, വിൽപന നടത്തൽ, എന്നിവയിലെ തൊഴിലാളികൾ സമയാസമയം ഭക്ഷ്യ സുരക്ഷാ വകുപ്പ് നിഷ്കർഷിക്കുന്ന ശുചിത്വ മാർഗ്ഗങ്ങൾ പാലിക്കേണ്ടതാണ്. മത്സ്യം സൂക്ഷിക്കുന്നതിനുപയോഗിക്കുന്ന ബോക്സുകൾ, വെയിംഗ് മെഷീൻ, ബക്കറ്റുകൾ മത്സ്യം കൈകാര്യം ചെയ്യപ്പെടുന്ന മറ്റു സാമഗ്രികൾ എന്നിവ ഓരോ ഉപയോഗ ശേഷവും നല്ലപോലെ ശുചിയാക്കേണ്ടതാണ്.

7. മത്സ്യ കച്ചവടക്കാരും ചില്ലറ വിൽപനക്കാരും രോഗ പകർച്ച ഒഴിവാക്കുന്നതിനും ശുചിത്വം ഉറപ്പാക്കുന്നതിനും ഒരു പ്രദേശത്തു നിന്നും മറ്റും വിദൂര പ്രദേശത്തേക്കുള്ള സഞ്ചാരം തടയേണ്ടതാണ്. ചില്ലറ വിൽപന കടകളിലെ മത്സ്യ കച്ചവട പ്രതലങ്ങൾ നിത്യേന സോഡിയം ഹൈപ്പോ ക്ലോറൈറ്റ് / കാൽസ്യം ഹൈപ്പോ ക്ലോറൈറ്റ് ലായനി ഉപയോഗിച്ച് അണു വിമുക്തമാക്കേണ്ടതാണ്.

**E പീലിംഗ്/ഡെപ്യൂരേഷൻ ഉൾപ്പെടെയുള്ള മത്സ്യ സംസ്കരണ പ്ലാൻറിൽ പാലിക്കേണ്ട നിബന്ധനകൾ സംബന്ധിച്ച മാർഗ്ഗ രേഖ**

1. മത്സ്യം, ചെമ്മീൻ എന്നിവ സംസ്കരിക്കുമ്പോൾ മത്സ്യസംസ്കരണ പ്ലാൻറുകളിൽ സാമൂഹിക അകലം പാലിക്കേണ്ടതാണ്. സംസ്കരണ പ്ലാൻറുകളിലെ തൊഴിലാളികൾ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമകാര്യ മന്ത്രാലയം പുറപ്പെടുവിച്ചിട്ടുള്ള

രോഗപ്രതിരോധ, സാമൂഹിക അകല മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

2. ആരോഗ്യ വിഭാഗം നിർദ്ദേശിച്ചിട്ടുള്ളത് പ്രകാരം, കളക്ഷൻ ട്രേ, വാഹനം എന്നിവ ദൈനംദിന അണുവിമുക്തമാക്കേണ്ടതാണ്.

3. മത്സ്യസംസ്കരണ പ്ലാൻറുകളിലെ വാഹനങ്ങൾക്ക് അതാത് ജില്ലാ ഭരണകൂടം പാസ്സ്/ പെർമിറ്റ് നൽകേണ്ടതാണ്.

4. മത്സ്യസംസ്കരണപ്ലാൻറുകൾ ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ നിർബന്ധമായും പാലിച്ചിരിക്കണം.

5. സംസ്കരിച്ച മത്സ്യഉല്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നതിന് മത്സ്യവകുപ്പ്, MPEDAഎന്നിവയുമായി ആലോചിച്ച് ജില്ലാ ഭരണകൂടം വേണ്ട സൗകര്യങ്ങൾ ചെയ്ത് നൽകേണ്ടതാണ്.

6. മത്സ്യം, ചെമ്മീൻ സംസ്കരണ പ്രവൃത്തിയിൽ ഏറ്റവും കറഞ്ഞ എണ്ണം തൊഴിലാളികളെ മാത്രം ഉപയോഗിക്കേണ്ടതും മത്സ്യം പിടിക്കൽ, കൈകാര്യം ചെയ്യൽ, വില്പന നടത്തൽ എന്നിവയിലെ തൊഴിലാളികൾ സമയാസമയം ഭക്ഷ്യസുരക്ഷ വകുപ്പ് പുറപ്പെടുവിക്കുന്ന ശുചീകരണ നടപടികൾ പാലിക്കേണ്ടതാണ്.

7. രോഗലക്ഷണങ്ങളായ ചുമ, തലവേദന, ശരീരവേദന, പനി, ശ്വാസ തടസ്സം മൂക്കടപ്പ്, മൂക്കൊലിപ്പ്, തൊണ്ടവേദന എന്നിവയുള്ള തൊഴിലാളികളെ യാതൊരു കാരണവശാലും പ്ലാൻറിനകത്ത് പ്രവേശിക്കാത്ത വിധമുള്ള നടപടി ക്രമങ്ങൾ തയ്യാറാക്കി നടപ്പിലാക്കേണ്ടതാണ്. പ്ലാന്റിനുള്ളിൽ പ്രവേശിക്കുന്നതിനു മുമ്പായി തൊഴിലാളികൾ ദിവസവും വൈദ്യപരിശോധനയ്ക്ക് വിധേയരാകേണ്ടതാണ്.

8. പ്ലാൻറിലെ തൊഴിലാളികളും, സൂപ്പർവൈസർമാരും രോഗപ്പകർച്ച ഒഴിവാക്കുന്നതിനും ശുചിത്വം ഉറപ്പാക്കുന്നതിനും പ്ലാൻറിനുള്ളിൽ നിന്നും മറ്റ് സ്ഥലങ്ങളിലേക്ക് സഞ്ചരിക്കുന്നത് തടയേണ്ടതാണ്. മത്സ്യ സംസ്കരണ പ്ലാൻറുകൾ നിത്യേന സോഡിയം ഹൈപ്പോ ക്ലോറൈറ്റ്/ കാൽസ്യം ഹൈപ്പോ ക്ലോറൈറ്റ് ലായനി ഉപയോഗിച്ച് അണു വിമുക്തമാക്കേണ്ടതാണ്.

5. കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഇതിനകം പുറപ്പെടുവിച്ചിട്ടുള്ളതും ഭാവിയിൽ പുറപ്പെടുവിക്കുന്നതുമായ മാർഗ്ഗനിർദ്ദേശങ്ങൾക്കും ഉത്തരവുകൾക്കും വിധേയമായി മേൽ മാർഗ്ഗ നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ടോം ജോസ്**
ചീഫ് സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ , തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ, (ആഡിറ്റ്) കേരളം, തിരുവനന്തപുരം
അക്കൗണ്ടൻറ് ജനറൽ, (എ & ഇ) കേരളം, തിരുവനന്തപുരം
ഡെപ്യൂട്ടി ഡയറക്ടർ II, വെബ് & ന്യൂ മീഡിയ തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Shello

സെക്ഷൻ ഓഫീസർ